ഉത്തരം

(എ)&(ബി) കേരള സംസ്ഥാന ഗ്രാമവികസന ബോർഡിന്റെ പുനഃസംഘടന നടത്തി ഒരു ധനകാര്യ സ്ഥാപനമാക്കി മാറ്റുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കുന്നതിനായി സ്പെഷ്യൽ സെക്രട്ടറി (റവന്യൂ), ചീഫ് പ്ലാൻ കോ-ഓർഡിനേറ്റർ (പ്ലാനിംഗ് ബോർഡ്), സെക്രട്ടറി, ധനകാര്യ (റിസോഴ്സസ്) വകുപ്പ് എന്നിവരടങ്ങിയ ഒരു മൂന്നംഗ സമിതിയെ അധികാരപ്പെടുത്തിയിരുന്നു. അതനുസരിച്ച് ടി കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് വിശദമായി പരിശോധിച്ച് പുനഃസംഘടന സംബന്ധിച്ച നിയമസാധ്യതകൾ വിലയിരുത്തി നടപടികൾ സ്വീകരിച്ചുവരികയാണ്. ഈ നടപടികൾ പൂർത്തിയാക്കുന്നതിന് കുറച്ച് താമസമുണ്ടാകുന്നതാണ്.

(സി) പുനഃസംഘടനാപ്രവർത്തനം എത്രയും പെട്ടെന്ന് പ്രാവർത്തികമാക്കാനാണ് ശ്രമിക്കുന്നത്.

69 (1820) തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഴ്ചയിൽ ഒരു ദിവസം തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യണമെന്നും, അതിനാവശ്യമായ ബൾബ്, ട്യൂബ്, ചോക്ക് തുടങ്ങിയ സാമഗ്രികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാങ്ങി വൈദ്യുതി ബോർഡിന് നൽകണമെന്നും നിർദ്ദേശിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ ഒരു കോപ്പി ലഭ്യമാക്കുമോ;

(സി) തെരുവുവിളക്കുകളുടെ കേടുപാടുകൾ പരിഹരിക്കണമെന്ന ആവശ്യവുമായി തദ്ദേശഭരണ സ്ഥാപനങ്ങളെ സമീപിക്കുമ്പോൾ കെ.എസ്. ഇ.ബി.യേയും, ബോർഡിനെ സമീപിക്കുമ്പോൾ പഞ്ചായത്ത്/നഗരസഭയേയും പരസ്പരം കുറ്റപ്പെടുത്തി ഒഴിഞ്ഞുമാറുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്ന പ്രസ്തുത ഉത്തരവ് പരിശോധിക്കുകയും ആവശ്യമായ പരിഹാരനടപടികൾ സ്വീകരിക്കുകയും ചെയ്യുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ.ഉ.(എം.എസ്.)നം:13/97/പി.ഡി. തീയതി 22.3.97. (പകർപ്പ് സഹിതം)†

(സി) ഇത് ഒരു പുതിയ സംവിധാനമായതിനാൽ അപാകതകളുണ്ടോയെന്നു പറയാറായിട്ടില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly